GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

---

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/09/2026

1. നെടുമങ്ങാട് വെള്ളനാട് മിത്രാനികേതൻ കൃഷിവി ജ്ഞാനകേന്ദ്രത്തിന്റെ ആഭി മുഖ്യത്തിൽ സെപ്റ്റംബർ 17ന് സൗജന്യ കൂൺകൃഷി പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ള കർഷകർ 9446911451 എന്ന ഫോൺ നമ്പരിൽ 16ന് മുമ്പ് രജിസ്റ്റർ ചെയ്യുവുന്നതാണ്.

2. എം.എസ്.സ്വാമിനാഥൻ ഗവേഷണനിലയവും ജെ.എസ്.ഡബ്ല്യു ഫൗണ്ടേഷനും ചേർന്ന് ഏർപ്പെടുത്തിയ മഹിളാ കൃഷിശക്തി പുരസ്കാരങ്ങൾക്ക് നാമനിർദേശംക്ഷണിച്ചു. 18 വയസ്സിന് മുകളിലുള്ള വനിതകൾക്കും വനിതകൾ നയിക്കുന്ന സ്ഥാപനങ്ങൾക്കും സെപ്റ്റംബർ 15 ന് അകം നാമനിർദേശം സമർപ്പിക്കാം. ജേതാക്കൾക്ക് 7 ലക്ഷം രൂപ വരെ

സമ്മാനം ലഭിക്കും. വിത്തുകളും ജൈവവൈവിധ്യവും, തദ്ദേശീയ അറിവുകളും കാലാവസ്ഥാ പ്രതിരോധശേഷിയും പരിസ്ഥിതിസംരക്ഷണവും, പോഷകാഹാര സുരക്ഷയും ഗ്രാമീണ ഉപജീവനവും എന്നീ 3 വിഭാഗങ്ങളിലായാണു പുരസ്കാരങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് 044 22541229 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് കന്നുകലി വളർത്തൽ കേന്ദ്രത്തിൽ 15 പശുക്കളെ സെപ്റ്റംബർ 15 ന് പകൽ 11 മണിക്ക് ഫാം പരിസരത്ത് വെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് സഹിതം ലേല സമയത്തിനു മുൻപായി ടി പശുവിന് 10000/- രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും കുടുതൽ വിവരങ്ങൾക്ക് 0471 – 2732962 എന്ന ഫാം ഓഫീസ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് സൗജന്യ പരിശീലന പരിപാടിയായ പന്നി വളർത്തൽ സെപ്റ്റംബർ 16 ന് സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർക്ക് നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04829-234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. സംസ്ഥാന കീടനിരീക്ഷണകേന്ദ്രം, കളർകോട് നൽകുന്ന അറിയിപ്പ്, കുട്ടനാട്ടിലെ രണ്ടാംകൃഷി ഇറക്കിയ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗം വ്യാപകമായി കാണുന്നു. ഇലകളിലുള്ള സ്വാഭാവിക സുഷിരങ്ങൾ വഴിയും കീടബാധ മൂലമോ അല്ലാതെയോ ഉണ്ടാകുന്ന മുറിവുകളിലൂടെയുമാണ് ബാക്ടീരിയ ചെടിയ്ക്കകമേ പ്രവേശിക്കുന്നത്. വേരിലൂടെയും ബാക്ടീരിയ രോഗബാധ ഉണ്ടാകാം. ചെടിയുടെ അകമേ ബാക്ടീരിയൽ കോശങ്ങൾ പെരുകി, ജല സംവഹനം തടസ്സപ്പെടുന്ന സാഹചര്യത്തിലാണ് പുറമേ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ചെടിയ്ക്കുള്ളിൽ ബാക്ടീരിയൽ കോശങ്ങൾ അതിവേഗത്തിൽ വളർന്നു പെരുകുന്നതിനാലും, വൈകിമാത്രം രോഗലക്ഷണങ്ങൾ പുറമേ പ്രത്യക്ഷപ്പെടുന്നതിനാലും രോഗനിയന്ത്രണം വളരെ ശ്രമകരമാണ്. മഴ, കാറ്റ്, പാടശേഖരത്തിലെ ജലസേചനത്തിനുള്ള വെള്ളം, ഇലത്തുമ്പുകൾ തമ്മിലുരസുന്നത് എന്നിവയിലൂടെയെല്ലാം രോഗവ്യാപനം വളരെ വേഗത്തിൽ നടക്കുന്നു. പ്രാരംഭ ദിശയിൽ തന്നെ പാടശേഖര അടിസ്ഥാനത്തിൽ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ മാത്രമേ രോഗം ഫലപ്രദമായി നിയന്ത്രണ വിധേയമാക്കാൻ കഴിയൂ.

<u>നിയന്ത്രണ മാർഗ്ഗങ്ങൾ</u>

- പച്ചചാണകം കിഴികെട്ടി ജലസേചന ഭാഗത്ത് ഇടുകയോ, ചാണക സ്ളറി കണ്ടത്തിൽ ഒഴിച്ചു കൊടുക്കുകയോ ചെയ്യാം. അല്ലാത്ത പക്ഷം ബ്ലീച്ചിംഗ് പൗഡർ ഏക്കറിന് 2 കിലോ ഗ്രാം 33 തോതിൽ ചെറിയ മസ്ളിൻ കിഴികളിലാക്കി വെള്ളം കയറ്റുന്ന സ്ഥലങ്ങളിൽ വെയ്ക്കാം.

- രോഗത്തിന്റെ പ്രാംരംഭ ഘട്ടത്തിൽ ബ്രോണോപോൾ 100% (ബയോനോൾ) 5 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ, 3 മില്ലി ഫിൽവെറ്റ്/ടീപോൾ (പശ) കൂടി ചേർത്ത് തളിച്ച് കൊടുക്കാം. മുകളിലകൾ നന്നായി നനയത്തക്ക വിധം തളിക്കണം.
- കൂടുതൽ വ്യാപിച്ചിട്ടുണ്ടെങ്കിൽ സ്ടപ്റ്റോസൈക്ലിൻ 2 ഗ്രാം, കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം എന്നിവ ഓരോന്നും 10 ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ കലക്കി ടാങ്കിൽ മിക്സ് ചെയ്ത് 10 ലിറ്ററിന് 3 മില്ലി ഫിൽവെറ്റ്/ടീപോൾ കൂടി ചേർത്ത് തളിച്ച് കൊടുക്കാം.
- ജൈവ മാർഗ്ഗങ്ങൾ അവലംബിക്കുന്ന കർഷകർക്ക് 20 ഗ്രാം സ്യൂഡോമോണാസ് ഫ്‌ളൂറസെൻ 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ സ്യൂഡോമോണാസ് ഫ്‌ളൂറസെൻസ്, ബാസിലസ് സബ്റ്റിലിസ് എന്നിവ ഓരോന്നും 20 ഗ്രാം വീതം 1 ലിറ്റർ വെള്ളത്തിൽ മേൽ സൂചിപ്പിച്ച അളവിൽ പശ കൂടി ചേർത്ത് (3 മില്ലി 10 ലിറ്റർ വെള്ളം) തളിക്കുന്നത്, വളരെ ഫലപ്രദമാണ്.
- പൊട്ടാസ്യം, സിലിക്ക എന്നീ മൂലകങ്ങൾ രോഗ പ്രതിരോധത്തിന് ഫലപ്രദമാണ്. 13:0:45 തളിവളം 10 ലിറ്ററിന് 100 ഗ്രാം, 25 മില്ലി

സിലിക്ക, 4 മില്ലി ഫിൽവെറ്റ്/ടീപോൾ എന്നിവ ചേർത്ത് തളിക്കുന്നതും രോഗപ്രതിരോധത്തിന് സഹായിക്കും.

- തുടർച്ചയായി വെള്ളം കെട്ടിനിൽക്കാതെ ഇടയ്ക്കിടെ വറ്റിക്കുന്നത് രോഗവ്യാപനത്തിന്റെ തോത് കുറയ്ക്കും. എന്നാൽ അമ്ലത കൂടുതലുള്ള നിലങ്ങൾ അധികം ഉണങ്ങാതെ ശ്രദ്ധിക്കണം.